**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**പി.എം.ജി.എസ്.വൈ - 2**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2392 | 19.07.2016 ൽ മറുപടിക്ക്

ചോദ്യം | ഉത്തരം

| ശ്രീ. റ്റി.വി. രാജേഷ് | | ഡോ. കെ.ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | പി.എം.ജി.എസ്.വൈ - 2 പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് (2011-16) എത്ര കി.മീ. റോഡ് നിർമ്മിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുവാദം നൽകിയിരുന്നതെന്നു വ്യക്തമാക്കാമോ ; | (എ) | പി.എം.ജി.എസ്.വൈ - 2 പ്രകാരം സംസ്ഥാനത്തിന് , 570 കിലോമീറ്റർ റോഡിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളത്. |
| (ബി) | പി.എം.ജി.എസ്.വൈ -2 പ്രകാരം 2011-16 കാലയളവിൽ എത്ര തുകയാണ് കേന്ദ്ര സർക്കാർ ഇതുവരെ അനുവദിച്ചത് എന്നും ഫണ്ട് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുമോ? | (ബി) | പി.എം.ജി.എസ്.വൈ - 2 പ്രകാരം സംസ്ഥാനത്തിന് തുകയൊന്നും അനുവദിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ സമർപ്പിച്ച പ്രോജക്ടുകൾക്ക് അന്തിമമായ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ തുക അനുവദിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**